പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1150 31.10.2019-ൽ മറുപടിയ്ക്ക്

## മലയോര ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ.നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽകൂടിയും മലയോര ഹൈവേ കടന്നു പോകുന്നുണ്ട്. 2017 -18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിന് വേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് ജി.ഒ(ആർ.റ്റി) നമ്പർ 942/2017/പി.ഡബ്ല്യൂ.ഡി തീയതി 10.07.2017 ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്കു വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ |

സ്വീകരിച്ചുവരുന്നുണ്ട്. ഇതിൽ 1506.24 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ 177.70 കി.മീ. നീളത്തിൽ 589.91 കോടി മതിപ്പ് ചെലവുള്ള മലയോര ഹൈവേയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. പൂർണ്ണ തോതിൽ കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ റീച്ചുകൾക്കാണ് ഇതിനകം അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലൂടെയും കടന്നു പോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 26 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം - 4, കൊല്ലം - 1, ഇടുക്കി -3, എറണാകുളം - 2 , തൃശ്ശൂർ - 2, പാലക്കാട് - 2, മലപ്പുറം - 3, കോഴിക്കോട് - 3, വയനാട് - 2 , കാസർഗോഡ് - 4 ) . ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 460.599 കി.മീ.ആണ്. അംഗീകാരം ലഭിച്ച റീച്ചുകളുടെ വിവരങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.

(സി) പദ്ധതിയിൽ ഇതിനകം കരാർ ഉറപ്പിച്ച് ഏതൊക്കെ റീച്ചുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതെന്നും അത് ആകെ എത്ര കിലോമീറ്റർ ഉണ്ടെന്നും വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ഉൾപ്പെടെ 177.702 കി.മീ. ദൂരത്തിൽ 7 പ്രവൃത്തികൾ ആരംഭിച്ചു. പ്രവൃത്തി ആരംഭിച്ച റീച്ചുകൾ അനുബന്ധം (II) ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| **(ഡി)** | മലയോര ഹൈവേ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ സ്ഥലം വനംവകുപ്പിൽനിന്നും വിട്ടുകിട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; അതിനായുള്ള സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ; വിശദീകരിക്കാമോ; | **(ഡി)** | മലയോര ഹൈവേ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗങ്ങളിൽ വനം വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഇതു പ്രകാരം വനഭൂമി വിട്ടുകിട്ടുന്നതിലേയ്ക്കായി ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചു വരുന്നു. |
| **(ഇ)** | സ്ഥാനത്ത് 2018- 2019 കാലയളവിലുണ്ടായ പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മലയോര ഹൈവേയുടെ അലൈൻമെന്റിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ; ഉണ്ടെങ്കിൽ ഇതുമൂലം പദ്ധതി ചെലവിൽ വർദ്ധനവ് ഉണ്ടാകുമോ; വിശദമാക്കാമോ? | **(ഇ)** | വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ ഏതാനും ഡിവിഷനുകളിലെ ചില മേഖലയിൽ അലൈൻമെന്റ് പുനർക്രമീകരണം നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ അലൈൻമെന്റിൽ മാറ്റം വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വനം വകുപ്പ് 3 വർഷമായി യാതൊരു അനുവാദവും നല്കിയിട്ടില്ല. ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി 2017 ൽ കേന്ദ്ര വനം വകുപ്പ് സെക്രട്ടറിയെ കണ്ട് ചർച്ച നടത്തിയിരുന്നു. സംസ്ഥാന വനം വകുപ്പ് ശുപാർശ ചെയ്താൽ പരിഗണിക്കാമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ വനം ചീഫ് കൺസർവേറ്റർ ഇതുവരെയും ശുപാർശ അയച്ചതായി കാണുന്നില്ല. ഈ കാര്യം ബഹു. വനം വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## **അനുബന്ധം 1**

കിഫ്ബി അംഗീകാരം ലഭിച്ച മലയോര ഹൈവേ റീച്ചുകൾ

| **ജില്ല** | **നീളം** |
|---|---|
| **തിരുവനന്തപുരം** | |
| 1. കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം | 15.495 കി.മീ. |
| 2. കള്ളിക്കാട് പാറശ്ശാല രണ്ടാം ഘട്ടം | 15.705 കി.മീ. |
| 3. കൊല്ലായിൽ ചല്ലിമുക്ക് വിതുര റോഡ് | 21.08 കി.മീ. |
| 4. പെരിങ്ങമല വിതുര റോഡ് | 9.450 കി.മീ. |
| **കൊല്ലം ജില്ല** | |
| 5. പുനലൂർ അഗസ്ത്യകോട് റോഡ് | 48.10 കി.മീ. |
| **ഇടുക്കി ജില്ല** | |
| 6. കുട്ടികാനം ചപ്പാത്ത് റോഡ് | 19.00 കി.മീ. |
| 7. പീരുമേട് ദേവികുളം റോഡ് | 27.717 കി.മീ. |
| **തൃശ്ശൂർ ജില്ല** | |
| 8. വെള്ളിക്കുളങ്ങര വെറ്റിലപ്പാറ റോഡ് | 19.00 കി.മീ. |
| **മലപ്പുറം ജില്ല** | |
| 9. പൂക്കോട്ടുപാടം തമ്പുരാട്ടികല്ല് | 32.19 കി.മീ. |
| 10. പൂക്കാട്ടുപാടം മൂലേപാടം | 20.50 കി.മീ. |
| 11. പൂക്കോട്ടുപാടം കാളികാവ് | 26.31 കി.മീ. |
| **കോഴിക്കോട് ജില്ല** | |
| 12. പുല്ലുവ തൊട്ടിൽപാലം | 28.00 കി.മീ. |
| 13. കോടഞ്ചേരി കക്കാടംപൊയിൽ | 35.35 കി.മീ. |
| **വയനാട് ജില്ല** | |
| 14. പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ്. | 16.75 കി.മീ. |
| **കാസറഗോഡ് ജില്ല** | |
| 15. ചേവാർ ഇടപ്പറമ്പ | 49.675 കി.മീ. |
| 16. നന്ദാരപ്പടവ് ചേവാർ | 23.00 കി.മീ. |
| 17. കൊളിച്ചൽ ചെറുപുഴ | 28.877 കി.മീ. |
| 18. കൊളിച്ചൽ ഇടപറമ്പ് | 24.40 കി.മീ. |

സെക്ഷൻ ഓഫീസിർ

**<u>അനുബന്ധം II</u>**

ആരംഭിച്ച മലയോര ഹൈവേ റീച്ചുകൾ.

| ജില്ല | നീളം |
|---|---|
| **തിരുവനന്തപുരം ജില്ല** | |
| 1. കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം | 15.495 കി.മീ. |
| 2. കൊല്ലായിൽ ചല്ലിമുക്ക് വിതുര റോഡ് | 21.08 കി.മീ. |
| **കൊല്ലം ജില്ല** | |
| 3. പുനലൂർ അഗസ്ത്യകോട് റോഡ് | 48.10 കി.മീ. |
| **വയനാട് ജില്ല** | |
| 4. പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് | 16.75 കി.മീ. |
| **കാസറഗോഡ് ജില്ല** | |
| 5. നന്ദാരപ്പടവ് ചേവാർ | 23.00 കി.മീ |
| 6. കൊളിച്ചൽ ചെറുപുഴ | 28.877 കി.മീ. |
| 7. കൊളിച്ചൽ ഇടപറമ്പ് | 24.40 കി.മീ. |

സെക്ഷൻ ഓഫീസർ